പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3274 16.12. 2015- ലെ മറുപടി

**വിദേശ രാജ്യങ്ങളിൽ നിന്നും ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയവരുടെ പ്രശ്നങ്ങൾ**

ചോദ്യം

ശ്രീ.രാജു എബ്രഹാം

ഉത്തരം

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

എ) വിദേശ രാജ്യങ്ങളിലുണ്ടായ ആഭ്യന്തരപ്രശ്നങ്ങൾ മൂലം ജോലി നഷ്ടപ്പെട്ട് കേരളത്തിൽ തിരിച്ചെത്തിയ നേഴ്സുമാരുടെയും മറ്റുള്ളവരുടെയും കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; അങ്ങനെ വിവിധ രാജ്യങ്ങളിൽ നിന്നും തിരിച്ചു വന്നവരുടെ എണ്ണം രാജ്യവും ഇനവും തിരിച്ച് വ്യക്തമാക്കുമോ;

എ) വിദേശ രാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നം മൂലം നാട്ടിൽ തിരിച്ചെത്തി നോർക്ക റൂട്ട്സിന്റെ ഹെൽപ് ഡെസ്കിലും, ഓൺലൈനായും രജിസ്റ്റർ ചെയ്ത പ്രവാസികളുടെ കണക്ക് താഴെ കൊടുക്കുന്നു. ഇനം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമല്ല.

| വർഷം | രാജ്യം | എണ്ണം |
|---|---|---|
| മെയ് -2011 | യെമൻ | 441 |
| ജൂൺ –2014 | ഇറാഖ് | 418 |
| ആഗസ്റ്റ് –2014 | ലിബിയ | 532 |
| ഏപ്രിൽ - 2015 | യെമൻ | 2444 |
| ആകെ | | 3835 |

ബി)പ്രസ്തുത ഹതഭാഗ്യരിൽ പലരും വിവിധ ബാങ്കുകളുടെ ജപ്തിഭീഷണിയിൽ കഴിയുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സി)ഇവർക്ക് സർക്കാർ മുൻകൈ എടുത്ത് സർക്കാർ/സ്വകാര്യമേഖലയിൽ ജോലി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്; വിശദമാക്കാമോ;

സി)വിദേശ രാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങൾ മൂലം ജോലി നഷ്ടപ്പെട്ട് ഇറാഖ്, ലിബിയ, യെമൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും നാട്ടിലെത്തിയ നഴ്സുമാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി മുഖ്യമന്ത്രിയുടെ സാനിധ്യത്തിൽ വിദേശ രാജ്യങ്ങളിലെ ആതുര സേവന രംഗത്തെ പ്രമുഖ സ്ഥാപനങ്ങളുടെ മേധാവികളുമായി നടത്തിയ ചർച്ചകളെ തുടർന്ന് , അതിന് ശേഷം നടത്തിയ തെരഞ്ഞെടുപ്പിലൂടെ അൽ - അഹല്യ, അൽ - അബീർ, ഡി.എം. ഹെൽത്ത് കെയർ, എൻ.എം.സി ഗ്രൂപ്പ് തുടങ്ങിയ ഹോസ്പിറ്റലുകൾ വഴി 305 പേരെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും, ഇതിൽ 42 പേർക്ക് വിദേശത്തും, 19 പേർക്ക് സ്വദേശത്തും ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| ഡി)ഇങ്ങനെ ജോലി നഷ്ടപ്പെട്ടവരുടെ വായ്പാ കുടിശ്ശികകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാനും, മറ്റൊരു തൊഴിൽ ലഭിക്കുന്നതുവരെ വായ്പ തിരിച്ചടവിൽ നിന്നും ഒഴിവാക്കുന്നതിനും എന്തെങ്കിലും നടപടി സർക്കാർ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി)വായ്പ കുടിശികകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കേണ്ടത് റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്ന ബാങ്കുകളാണ്. ഇത്തരത്തിൽ ജോലി നഷ്ടപ്പെട്ട് തിരികെയെത്തിയവരുടെ വായ്പ തിരിച്ചടവ് സംബന്ധിച്ച് മൃദുസമീപനം സ്വീകരിക്കണമെന്ന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി യോഗത്തിൽ ബഹു. മുഖ്യമന്ത്രിയും, ബഹു. നോർക്ക വകുപ്പ് മന്ത്രിയും അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ